# ജില്ലാ ബാങ്ക് വാർത്ത

കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ

പുസ്തകം ഒന്ന് ലക്കം മൂന്ന് ആഗസ്റ്റ് 2012

## സർക്കാർ ആനുകൂല്യങ്ങൾ സഹകരണബാങ്കുകൾ വഴി വിതരണം ചെയ്യണം

**സർക്കാരും** ഇതര ഏജൻസികളും കർഷകർക്കും എൻഡോസൾഫാൻ ബാധിതർക്കും നൽകുന്ന ആനുകൂല്യങ്ങൾ തുടങ്ങി എല്ലാവിധ ആനുകൂല്യങ്ങളുടേയും വിതരണത്തിൽ സഹകരണ ബാങ്കുകളെ കൂടി ഉൾപ്പെടുത്തണമെന്ന് കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് ക്രെഡിറ്റ് കൗൺസലിംഗ് സെന്ററിന്റെ (കൈത്താങ്ങ്)നേതൃത്വത്തിൽ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റുമാർക്കായി സംഘടിപ്പിച്ച സെമിനാർ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

സഹകരണ ബാങ്കുകൾ വിതരണം ചെയ്ത വിദ്യാഭ്യാസ വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡി ലഭ്യമാക്കണമെന്നും കാർഷിക വായ്പകളുടെ പലിശ സബ്സിഡി, കാർഷിക കടാശ്വാസം തുടങ്ങിയ വിഭാഗങ്ങളിലായി സഹകരണ ബാങ്കുകൾക്ക് ലഭിക്കാനുള്ള സർക്കാർ ധനസഹായം എത്രയും വേഗം വിതരണം ചെയ്യണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. വായ്പാ തിരിച്ചടവ് നിരുത്സാഹപ്പെടുത്തുന്ന സംഘടനകളെ ഒറ്റപ്പെടുത്താനും ഇവരുടെ നുണപ്രചാരണങ്ങൾക്കെതിരെയുള്ള പ്രചാരണം ശക്തമാക്കാനും സെമിനാർ തീരുമാനിച്ചു.

സഹകരണ ബാങ്കുകൾ നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നബാർഡ്, സംസ്ഥാന സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുമായി നേരിൽ ബന്ധപ്പെടുന്നതിനും ചർച്ചചെയ്യുന്നതിനുമായി ഒരു സർവ്വ കക്ഷി സംഘത്തിനും യോഗം രൂപം നൽകി.

ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടി സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറും(ജനറൽ) ജില്ലാ സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്ററുമായ പി മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എം അനിൽകുമാർ അധ്യക്ഷതവഹിച്ചു. മാണിയാട്ട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എം വി കോമൻ നമ്പ്യാർ, പെർഡാല സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് കെ വിഷ്ണു ഭട്ട്, കുമ്പഡാജെ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എം സഞ്ജീവ ഷെട്ടി, മുളിയാർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എം സി പ്രഭാകരൻ, മുട്ടത്തൊടി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഇ അബൂബക്കർ, കളനാട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ആർ ഗണേശൻ, മഞ്ചേശ്വരം സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ബി എം അനന്ത, വെസ്റ്റ് എളേരി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി കെ വി പത്മനാഭൻ, കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി പി വിജയൻ, ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർ എം കൃഷ്ണൻ സ്വാഗതവും പി എ ടു പ്രസിഡന്റ് വി കൃഷ്ണൻ നന്ദിയും പറഞ്ഞു.

### ജില്ലാ സഹകരണ ബാങ്കിൽ ഭവന വായ്പാ പദ്ധതി പുനരാരംഭിച്ചു

**ഇടപാടുകാരുടെ** നിരന്തരമായ ആവശ്യം പരിഗണിച്ച് കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ ഭവന വായ്പാ പദ്ധതി പുനരാരംഭിച്ചു. നവീകരിച്ച ഭവന വായ്പാ പദ്ധതി പ്രകാരം ഇടപാടുകാർക്ക് 14% പലിശ നിരക്കിൽ പരമാവധി അഞ്ചു ലക്ഷം രൂപവരെ നൽകും. പത്തുവർഷമാണ് കാലാവധി. താൽപര്യമുള്ളവർ തൊട്ടടുത്തുള്ള ജില്ലാ സഹകരണ ബാങ്ക് ശാഖകളുമായി ബന്ധപ്പെടേണ്ടതാണ്. വായ്പാ അപേക്ഷകളിൽ അന്തിമ തീരുമാനം എടുക്കുന്നത് ജില്ലാ സഹകരണ ബാങ്ക് ഹെഡ്ഓഫീസായിരിക്കും. (Ref. No. G/LTHL/2012-13 dtd 02-07-2012).

### ലോക്കർ സൗകര്യം: നിബന്ധനകളിൽ ഇളവ്

**കാസർഗോഡ്** ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകളിൽ സജ്ജീകരിച്ചിട്ടുള്ള ലോക്കർ സൗകര്യം ഉപയോഗപ്പെടുത്തുന്നവർക്കായി നിശ്ചയിച്ച നിബന്ധനകളിൽ ഇളവ് വരുത്തി. ലോക്കർ സൗകര്യം പ്രയോജനപ്പെടുത്തുന്നവർ തങ്ങളുടെ കറണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട തുക 5000 രൂപയിൽ നിന്നും 3000 രൂപയായാണ് കുറച്ചത്. നിലവിൽ ജില്ലാ സഹകരണ ബാങ്കിന്റെ 35 ശാഖകളിൽ 25 ശാഖകളിൽ ലോക്കർ സൗകര്യമുണ്ട്. (Ref. No. A/20/1/2012-13 dtd 18-07-2012).

# ബാങ്ക് വായ്പ- ദുഷ്പ്രചാരകരെ ഒറ്റപ്പെടുത്തണം: പി ഗംഗാധരൻ നായർ

**ബാ**ങ്ക് വായ്പാ തിരിച്ചടവിനെ നിരുത്സാഹപ്പെടുത്തുന്ന സംഘടനകളെ ഒറ്റപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് പെരിയ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി ഗംഗാധരൻ നായർ പറഞ്ഞു. സാധാരണക്കാരന്റെ ജീവിതത്തിന്റെ ഭാഗമായ സഹകരണ ബാങ്കുകൾക്കെതിരെ നടത്തുന്ന ദുഷ്പ്രചാരണങ്ങൾ ഇത്തരം സംഘടകൾ അവസാനിപ്പിക്കണമെന്നും സഹകരണ ബാങ്കുകളെ തകർക്കാൻ ആരെയും അനുവദിക്കില്ലെന്നും അദ്ധേഹം കൂട്ടിച്ചേർത്തു. ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ക്രെഡിറ്റ് കൗൺസലിംഗ് സെന്ററിന്റെ (കൈത്താങ്ങ്) നേതൃത്വത്തിൽ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ഹാളിൽ സംഘടിപ്പിച്ച ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ധേഹം.




*ജില്ലാ സഹകരണ ബാങ്ക് ക്രെഡിറ്റ് കൗൺസലിംഗ് സെന്ററിന്റെ (കൈത്താങ്ങ്) നേതൃത്വത്തിൽ സംഘടിപ്പിച്ച ഏകദിന സെമിനാർ പെരിയ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി ഗംഗാധരൻ നായർ ഉദ്ഘാടനം ചെയ്യുന്നു*

പുല്ലൂർ -പെരിയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും പുല്ലൂർ സഹകരണ ബാങ്കപ്രസിഡന്റുമായ സി കെ അരവിന്ദൻ സെമിനാറിൽ അധ്യക്ഷതവഹിച്ചു. വായ്പാ തിരിച്ചടവ് മുടങ്ങുന്നത് ബാങ്കിംഗ് മേഖലയെ പ്രതിസന്ധിയിലാക്കുന്നതോടൊപ്പം സാധാരണക്കാരന്റെ ജീവിതം കൂടുതൽ ദുരിതത്തിലാക്കുമെന്ന് അദ്ധേഹം പറഞ്ഞു. ഹോസ്ദുർഗ് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എ മോഹനൻ നായർ, പള്ളിക്കര സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി കെ അബ്ദുള്ള, കോട്ടച്ചേരി സർവ്വീസ് സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ് പി കൃഷ്ണൻ, ചിത്താരി സർവ്വീസ് സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ് കെ കൃഷ്ണൻ, പനയാൽ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി ദാമോദരൻ, ജില്ലാ സഹകരണ ബാങ്ക് റീജ്യണൽ മാനേജർ സി തമ്പാൻ എന്നിവർ സംസാരിച്ചു. വായ്പാ വിനിയോഗം- തിരിച്ചടവ്, ആശ്വാസ് പദ്ധതി എന്നിവ സംബന്ധിച്ച് ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ എം കൃഷ്ണനും കിസാൻ ക്രെഡിറ്റ് കാർഡ് സവിശേഷതകളെക്കുറിച്ച് അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാറും ക്ലാസെടുത്തു. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് നന്ദിയും പറഞ്ഞു.

## ഫാർമേഴ്സ് ക്ലബ്ബ് ജനറൽ ബോഡിയോഗം

കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് മഡിയൻ ശാഖയ്ക്ക് കീഴിലുള്ള ഹരിത ജ്യോതി ഫാർമേഴ്സ് ക്ലബ്ബിന്റെ വാർഷിക ജനറൽ ബോഡി യോഗം ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

മഡിയൻ ശാഖാ മാനേജർ പി ശൈലജ അധ്യക്ഷതവഹിച്ചു. പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് പ്രസംഗിച്ചു. സീനിയർ അക്കൗണ്ടന്റ് ടി രാഘവൻ സ്വാഗതവും ടി കൃഷ്ണൻ നന്ദിയും പറഞ്ഞു. ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റായി ടി കൃഷ്ണൻ, വൈസ് പ്രസിഡന്റായി പി കുഞ്ഞാമൻ, സെക്രട്ടറിയായി വി നാരായണൻ, ജോയിന്റ് സെക്രട്ടറിയായി എം രാഘവൻ എന്നിവരെ തെരഞ്ഞെടുത്തു.

## ആശ്വാസ് 2012; പരമാവധി പ്രയോജനപ്പെടുത്തുക

**സം**സ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സഹകരണ സ്ഥാപനങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിനുമായി ആവിഷ്കരിച്ചതാണ് ആശ്വാസ് -2012 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി. ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകളിലും പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലും ആശ്വാസിന്റെ ഭാഗമായി അദാലത്തുകൾ നടന്നുവരികയാണ്. 2012 ജൂൺ 30 വരെ പൂർണ്ണമായോ ഭാഗികമായോ കുടിശ്ശികയായ വായ്പകളിൽ സർക്കാർ പ്രഖ്യാപിച്ച ഇളവുകളോടെ വായ്പ അടച്ചു തീർക്കാൻ കുടിശ്ശികക്കാർക്ക് പദ്ധതി കാലയളവിൽ അവസരം ലഭിക്കും. കുടിശ്ശിക വരുത്തിയതിന്റെ പേരിൽ ആർബിട്രേഷൻ/ എക്സിക്യൂഷൻ കേസുകളെ നേരിടുന്നവരുൾപ്പെടെ വായ്പാ കുടിശ്ശികയുള്ള എല്ലാവിഭാഗം ആളുകളും പദ്ധതി പ്രയോജനപ്പെടുത്തി വായ്പാ ബാധ്യതകളിൽ നിന്നും ഒഴിവാകേണ്ടതാണ്. ജൂലായ് ഒന്നിന് ആരംഭിച്ച പദ്ധതി ആഗസ്ത് 31 ന് അവസാനിക്കും.

**മാനേജിംഗ് എഡിറ്റർ**
എ അനിൽ കുമാർ
ജനറൽ മനേജർ
**ചീഫ് എഡിറ്റർ**
സി ബാലകൃഷ്ണൻ
**എഡിറ്റർ**
സി സഹദ്
**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
വി കൃഷ്ണൻ
എം പ്രവീൺകുമാർ
കെ മോഹനൻ
കെ അനീഷ്

# കർഷകരിൽ ആവേശം പകർന്ന് ജില്ലയിലെങ്ങും ക്രെഡിറ്റ് കൗൺസലിംഗ് മീറ്റുകൾ



കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ സംഘടിപ്പിച്ച ശിൽപ്പശാല കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എസ് ഉദയകുമാർ ഉദ്ഘാടനം ചെയ്യുന്നു.

**കാസർഗോഡ്:**പരിഷ്കരിച്ച കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ സവിശേഷതകൾ ഇടപാടുകാരിലെത്തിക്കുന്നതിനായി കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ(കൈത്താങ്ങ്) നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിച്ചു.

കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ നടന്ന സെമിനാറിൽ സർവ്വീസ് സഹകരണ ബാങ്കുകളിലെ തെരഞ്ഞെടുക്കപ്പെട്ട നൂറോളം കർഷകർ പങ്കെടുത്തു. കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എസ് ഉദയകുമാർ ഉദ്ഘാടനം ചെയ്യുന്നു. മധൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് കെ നാരായണ അയ്യ അധ്യക്ഷതവഹിച്ചു.

ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ, കാടകം സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് കെ ശങ്കരൻ, മുട്ടത്തൊടി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി നാരായണൻ നായർ, ചെങ്കള സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി പി ഗിരിധരൻ, കുട്‌ലു സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി ചന്ദ്രമോഹനൻ എന്നിവർ പ്രസംഗിച്ചു. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ ക്ലാസെടുത്തു. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും പി എ ടു പ്രസിഡന്റ് വി കൃഷ്ണൻ നന്ദിയും പറഞ്ഞു.



പെർള സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ സംഘടിപ്പിച്ച ക്രെഡിറ്റ് കൗൺസലിംഗ് മീറ്റ് ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.

**പെർള:**കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് ക്രെഡിറ്റ് കൗൺസലിംഗ് സെന്ററിന്റെയും(കൈത്താങ്ങ് ) പെർള , കാട്ടുകുക്കെ സർവ്വീസ് സഹകരണ ബാങ്കുകളുടേയും സംയുക്താഭിമുഖ്യത്തിൽ കൃഷിക്കാർക്കായി ക്രെഡിറ്റ് കൗൺസലിംഗ് മീറ്റ് സംഘടിപ്പിച്ചു. പെർള സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ നടന്ന പരിപാടി ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ ഉദ്ഘാടനം ചെയ്തു. കിസാൻ ക്രെഡിറ്റ് കാർഡും റിസ്ക് ഫണ്ടും അദ്ദേഹം വിതരണം ചെയ്തു. എൻമകജെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജെ എസ് സോമശേഖര അധ്യക്ഷത വഹിച്ചു. മികച്ച കർഷകരായി തെരഞ്ഞെടുക്കപ്പെട്ടവരെ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) എം വിജയൻ ഉപഹാരം നൽകി ആദരിച്ചു. എസ്.എസ്.എൽ.സി, പി.യു.സി പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് സി സജ്ജീവ റായ് ഉപഹാരം നൽകി. കിസാൻ ക്രെഡിറ്റ് കാർഡ് സവിശേഷതകൾ എന്ന വിഷയത്തിൽ അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, ബാങ്കിംഗും നിയമശങ്ങളും എന്ന വിഷയത്തിൽ അഡ്വ. സദാനന്ദ റായ് എന്നിവർ ക്ലാസെടുത്തു. പെർള സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എൻ കൃഷ്ണകുമാർ സ്വാഗതവും കാട്ടുകുക്കെ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എം പ്രസാദ റായ് നന്ദിയും പറഞ്ഞു.



കരിന്തളം സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ സംഘടിപ്പിച്ച ഏകദിന സെമിനാർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.

**കരിന്തളം:**കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് ക്രെഡിറ്റ് കൗൺസലിംഗ് സെന്ററിന്റെയും(കൈത്താങ്ങ് ) കരിന്തളം സർവ്വീസ് സഹകരണ ബാങ്കിന്റെയും സംയുക്താഭിമുഖ്യത്തിൽ വായ്പാ വിനിയോഗവും തിരിച്ചടവും എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു.

കരിന്തളം സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ നടന്ന പരിപാടി ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ ഉദ്ഘാടനം ചെയ്തു. കരിന്തളം സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പാറക്കോൽ രാജൻ അധ്യക്ഷതവഹിച്ചു. ജില്ലാ സഹകരണ ബാങ്കിന്റെ ബെസ്റ്റ് പെർഫോമൻസ് അവാർഡ് നേടിയ കരിന്തളം ഫാർമേഴ്സ് ക്ലബ്ബിനുള്ള ഉപഹാരം പരപ്പ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ പി വി രവി സമ്മാനിച്ചു. ജില്ലയിലെ മികച്ച ക്ഷീര കർഷകയായി തെരഞ്ഞെടുക്കപ്പെട്ട എ വി രമണിയെ ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ ഉപഹാരം നൽകി ആദരിച്ചു.

വാർഡ് മെമ്പർ ഒ എം കുഞ്ഞിക്കണ്ണൻ, ബിരിക്കുളം സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് വി ബാലകൃഷ്ണൻ, കരിന്തളം ഫാർമേഴ്സ് ക്ലബ്ബ് ചീഫ് കോഡിനേറ്റർ എം ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, അഡ്വ. വി വി കമലാക്ഷൻ എന്നിവർ ക്ലാസെടുത്തു.

കരിന്തളം സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി കെ ഗംഗാധരൻ സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് നന്ദിയും പറഞ്ഞു.

# ഇടപാടുകാർക്ക് ആശ്വാസമേകി

# സഹകരണ ബാങ്കുകളിൽ  ആശ്വാസ് പദ്ധതി

## പദ്ധതി ആഗസ്റ്റ് 31 വരെ മാത്രം

**കാസർഗോഡ്**:സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സഹകരണ സ്ഥാപനങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിനുമായി ആവിഷ്കരിച്ച ആശ്വാസ് -2012 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ജില്ലയിൽ വിജയകരമായി പുരോഗമിക്കുന്നു. ജൂലായ് ഒന്നിന് ആരംഭിച്ച പദ്ധതി ആഗസ്റ്റ് 31 ന് അവസാനിക്കും.

2012 ജൂൺ 30 വരെ പൂർണ്ണമായോ ഭാഗികമായോ കുടിശ്ശികയായ വായ്പകളിൽ സർക്കാർ പ്രഖ്യാപിച്ച ഇളവുകളോടെ വായ്പ അടച്ചു തീർക്കാൻ പദ്ധതിയിൽ അവസരം നൽകും.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാസഹകരണ ബാങ്ക് വിവിധ ശാഖകളിലെ കുടിശ്ശികക്കാർക്കായി അദാലത്തുകൾ സംഘടിപ്പിച്ചു വരികയാണ്. സഹകരണ സംഘം അസിസ്റ്റന്റ് റജിസ്ട്രാർ/ സെയിൽ ഓഫീസർ, ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ, റീജിയണൽ മാനേജർമാർ, പി.എ.ടു പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിലാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത്. വായ്പാ കുടിശ്ശിക വരുത്തിയതിന്റെ പേരിൽ ആർബിട്രേഷൻ/ എക്സിക്യൂഷൻ കേസുകളെ നേരിടുന്നവർക്കും അദാലത്തുകളിൽ പങ്കെടുത്ത് വായ്പ അടച്ചുതീർക്കാൻ അവസരം നൽകുണ്ട്. പദ്ധതി കാലയളവിൽ കുടിശ്ശികക്കാർക്ക് ബന്ധപ്പെട്ട ശാഖകളിൽ നേരിട്ടെത്തി പിഴപ്പലിശ ഒഴിവാക്കി വായ്പകൾ അടച്ചുതീർക്കാനും അവസരമൊരുക്കിയിട്ടുണ്ട്.

ജില്ലയിലെ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും ആശ്വാസ് പദ്ധതി പ്രകാരം അദാലത്തുകൾ സംഘടിപ്പിച്ചു വരികയാണ്.

# ഉന്നത വിജയം നേടിയ

# വിദ്യാർത്ഥികളെ അനുമോദിച്ചു



*ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ മക്കളിൽ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ ഉന്നതനേട്ടം കൈവരിച്ച ടോമിൻ പി സക്കറിയാസ്, മിഥുൻ കെ ജയൻ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ മികച്ച റാങ്ക് നേടിയ നന്ദ കിഷോർ,  പ്ലസ് ടു പരീക്ഷയിൽ ഉന്നത നേട്ടത്തിന് അർഹനായ മനുപ്രസാദ്, എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ചവിജയം നേടിയ കെ ജെ ഉണ്ണിമായ, എം വി ജയഹരി, പദ്മപ്രഭ എസ് നായർ, എം സ്നേഹ, കെ ശ്രീരാഗ്, പി പ്രിയ, എ എസ് അശോക് കുമാർ എന്നിവർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാറിൽ നിന്നും ഉപഹാരം ഏറ്റുവാങ്ങുന്നു.*

**കാസറഗോഡ്** ജില്ലാ സഹകരണ ബാങ്കിലെ ജോസഫ് മുണ്ടശ്ശേരി സ്മാരക സഹകരണ ഗ്രന്ഥാലയത്തിന്റെ നേതൃത്വത്തിൽ ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു, മെഡിക്കൽ എൻട്രൻസ്, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ ഉപഹാര വിതരണം നടത്തി. ഡെപ്യൂട്ടി ജനറൽ മാനേജറും ഗ്രന്ഥാലയം പ്രസിഡന്റുമായ സി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർ എം കൃഷ്ണൻ, സീനിയർ മാനേജർ ഇ ജനാർദ്ധനൻ, മാനേജർമാരായ കെ ശ്രീധരൻ, പി കുമാരൻ നായർ, മുളിയാർ ഗ്രാമ പഞ്ചായത്തംഗം ശ്യാമള, എം വി അനിത, ടോമിൻ ബി സക്കറിയാസ്, ഉണ്ണിമായ, ചൈതന്യ രാംദാസ് എന്നിവർ സംസാരിച്ചു. ഗ്രന്ഥാലയം സെക്രട്ടറി ടി രാജൻ സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് നന്ദിയും പറഞ്ഞു.